# കേരള സംസ്ഥാന
# ടെലിവിഷൻ അവാർഡ് 2008

27-01-2010, തിരുവനന്തപുരം

**കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി**

ശാസ്തമംഗലം, തിരുവനന്തപുരം 695 010

# 2008-ലെ ടെലിവിഷൻ അവാർഡിന് സമർപ്പിക്കപ്പെട്ടവ

## ഡോക്യുമെന്ററി (ജനറൽ)

1. ഗിടുക്കു ഹോഗാത്ത്
2. കൂടിയാട്ടത്തിന്റെ നാളെകൾ
3. കാത്തിരിക്കുന്നവർ
4. ഖാദിയും ഗ്രാമസമൃദ്ധിയും (ജയജോസ് രാജ്)
5. ഗുരു മാണിമാധവ ചാക്യാർ (റ്റി.കൃഷ്ണനുണ്ണി)
6. മലയാളിയുടെ ഹൃദയപക്ഷം (പ്രിയനന്ദനൻ)
7. ശബ്ദങ്ങൾ (എം.ആർ.ശശിധരൻ)
8. വരദദാസ (ഏലിയാസ് കാത്തവൻ)
9. ഓപ്പ
10. ഒരു ഡോക്ടർക്ക് എന്തു വിലവരും? (ജിമ്മി ജെയിംസ്)
11. ഒരു സമരകാലത്തിന്റെ ഓർമ്മകൾ
12. ഇൻസൈഡ് ദി ഹോളി ലാന്റ് (സുനീഷ് സുരേന്ദ്രൻ)
13. ഡേ ത്രീ (സുനീഷ് സുരേന്ദ്രൻ)
14. ദി ട്രാവലർ (സൂരജ് ജി. നായർ)
15. തീർത്ഥാടനം (പത്മകുമാർ പി.ജി)
16. ഷി ടെൽസ് (മഹേഷ് കുടങ്ങിൽ)
17. അകലുന്ന കുടമണിയൊച്ചകൾ (പ്രേമചന്ദ്രൻ പി.സി)
18. എന്റെ ആകാശഗോപുരം (ഷോബി തിലകൻ)
19. തിരുമുൽ കാഴ്ച (സനോജ് എം.എസ്)
20. അനന്തരം (പ്രസാദ് കെ.ടി)
21. കഥകൾ ഉറങ്ങാത്ത വീട് (പ്രസാദ് കെ.ടി)
22. സംസ്കൃതി
23. മൈസൂർക്കുള്ള ബസ്സ്
24. റെയ്സ് എഗനിസ്റ്റ് ടൈം
25. ഹിജ്റ
26. ഇ ഫോർ എലിഫന്റ്
27. ദീപാവലിപ്പൂക്കൾ (ആദി)
28. ഒരു ഇന്ത്യാക്കാരന്റെ ജനാധിപത്യ സങ്കല്പം
29. പ്രവാസ ലോകം
30. വേറിട്ട കാഴ്ചകൾ
    (ആർക്കും വേണ്ടാത്ത മനുഷ്യർക്കിടയിൽ ഫാദർ ഡാമിയനെപ്പോലെ)
31. വാർത്താവിചാരം - ആണവക്കരാർ
32. ഭൂമിഗീതം - കൊഴിഞ്ഞാമ്പാറ അഹല്യ ഫൗണ്ടേഷൻ
33. കണ്ണുചിമ്മാതെ കാർഗിൽ (രഞ്ജിത്ത്)
34. വേറിട്ടകാഴ്ചകൾ - കാഷായവസ്ത്രത്തിലെ ക്രിസ്തു
    (വി.കെ.ശ്രീരാമൻ)
35. കണ്ണിന്റെ ജനാല
36. മൺസൂൺ

## സയൻസ് ആന്റ് എൻവിയറോൺമെന്റ്

1. കാനം (ലൈഫ് സ്റ്റോറി ഓഫ് എ മിഡ്ലാന്റ് ഹിൽ
2. ഇന്ദുവിലേയ്ക്ക് ഇന്ത്യ
3. കാവ് പോറ്റിയ കാടുകൾ (സന്ധ്യ പി.പി.)
4. തുരങ്കങ്ങൾ (എൻ.കെ.രവീന്ദ്രൻ)
5. ചന്ദ്രനുനേരെ ചൂണ്ടുവിരൽ
6. ഇ ഫോർ എലിഫന്റ്
7. കിളിവാതിൽ (സി.റഹീം)
8. ഭൂമിഗീതം - കൊഴിഞ്ഞാമ്പാറ അഹല്യ ഫൗണ്ടേഷൻ
9. പ്രകൃതിയുടെ ശബ്ദം (സി.റഹീം)
10. മൺസൂൺ

## ബയോഗ്രഫി

1. പരമേശ്വരവിജയം: ഒരു ചുട്ടിക്കഥ
2. ഗാന്ധിയൻ കമ്മ്യൂണിസ്റ്റ് (ഡോക്യൂഫിക്ഷൻ)
3 കാലം കടഞ്ഞെടുത്ത് ദൃശ്യചാരുത
4. അബുവിന്റെ ഓർമ്മകൾ
5. ഗുരു മാണിമാധവ ചാക്യാർ (റ്റി.കൃഷ്ണനുണ്ണി)
6. മലയാളിയുടെ ഹൃദയപക്ഷം (പ്രിയനന്ദനൻ)
7. ശബ്ദങ്ങൾ (എം.ആർ.ശശിധരൻ)
8. വരദദാസ (ഏലിയാസ് കാത്തവൻ)
9. ഓപ്പ - ഒ.വി.കുട്ടിമാളു അമ്മ
10. കനൽപ്പൂവ് (ഷിജാൻ ആന്റണി)
11. തിരനോട്ടം (കൃഷ്ണസാഗർ)
12. സുകുമാര ഭാവങ്ങൾ (കൃഷ്ണസാഗർ)
13. കഴക്കൂട്ടത്ത് പിള്ള (അയഭയദേവ് .സി)
14. ജ്വാല (പത്മകുമാർ പി.ജി)
15. ശ്രീ.വിദ്യാധിരാജ ചട്ടമ്പിസ്വാമികൾ(എൻ.സി.സേനൻ)
16. പവിത്രൻ: കലയും കാഴ്ചയും (ജയരാജ് പുതുമഠം)
17. കിളിവാതിൽ - അലിമായിക്
18. സാമനതകളില്ലാത്ത സൈനിക ഇതിഹാസം സാംമനേക്ഷാ

## വുമൺ / ചിൽഡ്രൺ

1. കുടുംബശ്രീ
2. ജീവിതം തിരികെ വിളിക്കുന്നു
3. ജലജ്വാല (ഇന്ദിര)
4. മിഴിവെട്ടം (സുദർശൻ)
5. ഓപ്പ - ഒ.വി.കുട്ടിമാളു അമ്മ
6. സ്നേഹിത (സിന്ധു മോഹൻ)
7. സ്നേഹിത (സിന്ധു മോഹൻ)
8. കയ്യൂരിന്റെ ചെമ്മരത്തി ഏട്ടി (എൻ.കെ.രവീന്ദ്രൻ
9. റാബിയ വീണ്ടും വരുന്നു (എൻ.കെ.രവീന്ദ്രൻ)
10. സ്നേഹസങ്കീർത്തനം
11. മൈസൂർക്കുള്ള ബസ്സ്
12. കണ്ണീരിന്റെ ഗന്ധം
13. അടുക്കള

## ഇൻവെസ്റ്റിഗേറ്റീവ് ജോർണലിസ്റ്റ്

11. ഡാം അപകടാവസ്ഥയിൽ
2. സർക്കാർ വിവേചനം; മലയാളി സൈനികരിൽ
   അസ്വസ്ഥത പടരുന്നു
3. റോഡിയ
4. കൈക്കൂലി കൈയോടെ
5. ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ് (ശബ്ന)
6. കുട്ടികളുടെ ലൈംഗിക ചൂഷണം കോവളത്തിൽ
   (ജോഷി കുര്യൻ)
7. ചന്ദനകള്ളക്കടത്ത് (പി.പി.സന്ധ്യ)
8. മുത്തങ്ങ (കമൽ)
9. ടോപ്പ് റിപ്പോർട്ടർ (സ്കറിയ മാത്യു)
10. ബുൾസ്റ്റോറി (ലെബി സജീന്ദ്രൻ)
11. പാചകവാതകം കരിഞ്ചന്ത (ലിജു സേവ്യർ)
12. നാളികേരത്തിന്റെ വില നിശ്ചയിക്കുന്നത്( കെ.രാജേന്ദ്രൻ)മ

## ന്യൂസ് ക്യാമറാമാൻ

1. ക്യാറ്റ് ലെൻസ്
2. ഒരു സമരകാലത്തിന്റെ ഓർമ്മ
3. കണ്ണേ മടങ്ങുക

4. ന്യൂസ് (ഷാനവാസ് ഫരീദ്
5. ഖാദിയും ഗ്രാമസമൃദ്ധിയും (ജയജോസ് രാജ്)
6. കൂടൽമാണിക്യ ക്ഷേത്രത്തിൽ ഇടഞ്ഞ ആന മൂന്നുപേരെ കുത്തിക്കൊല്ലുന്ന രംഗം (വി.ആർ.രാജേഷ്)
7. അകലുന്ന കുടമണിയൊച്ചകൾ (പ്രേമചന്ദ്രൻ പി.സി)
8. ക്യാമറയിൽപതിഞ്ഞ ദൃശ്യങ്ങളെപ്പറ്റി (രാജേഷ്.എസ്സ്.)
9. വെള്ളിമൂങ്ങ കടത്ത് (ജിജോ എം.എ)
10. പൂയംകുട്ടി (സുരേഷ് ഇരുമ്പനം)
11. ചമയം (സജിത് വാഴയില)

**പ്രസന്റർ ഓഫ് ന്യൂസ്**

1. വാർത്താവതരണം
2. വാർത്താവതരണം
3. വാർത്താവതരണം (ഭഗത് ചന്ദ്രശേഖർ)
4. ന്യൂസ് (എം.വി.നികേഷ് കുമാർ)
5. കൗണ്ടർ പോയിന്റ് (ഷാനി പ്രഭാകരൻ)
6. വാർത്താവതരണം (സനിൽ കുമാർ.കെ)
7. (സുബിത സുകുമാർ)
8. വാർത്താവതരണം (നിഷ കൃഷ്ണൻ)
9. ശരത്ചന്ദ്രൻ
10. രജനി വാര്യർ

**കോംപിയർ / ആങ്കർ**

1. 24 ഫ്രെയിംസ്
2. വാരാന്ത്യം (ജയശങ്കർ)
3. സിനിമയും ജീവിതവും - എ.ആർ.താഹ (ചലച്ചിത്രാധിഷ്ഠിത പരിപാടി)
4. ബോക്സോഫീസ് (ആനി തോമസ്)
5. സുരഭി (രമ്യ രാജു)
6. മിന്നാമിന്നിക്കൂട്ടവും മാണിക്കുഞ്ഞും (സിന്ധി മോഹൻ)
7. സിനിമാതീക്ക് (സുനീഷ് സുരേന്ദ്രൻ)
8. പ്രണയമർമ്മരം (എ.എൻ.രുദ്രപ്രതാപ്)
9. ഗ്രാമഫോൺ (ദിവ്യ നായർ)
10. നാടകമേ ഉലകം (ടി.കെ.സന്തോഷ്കുമാർ)
11. ടാക്കീസ് (സുജിത് വിഘ്നേശ്വർ)
12. സ്വരസംഗീതം (ചന്ദ്രിക ബാലചന്ദ്രൻ)
13. ടേയ്റ്റ് ഓഫ് കേരള (രാജ് കലേഷ് ഡി.എസ്)
14. ഹലോ ദുബായ് (രാജ് കലേഷ് ഡി.എസ്)
15. മ്യൂസിക് മൊമെന്റ്സ് (രാഖി രവീന്ദ്രൻ)
16. പെർഫക്ട് കപ്പിൾ (രാജേഷ് കടമ്പ)
17. കുട്ടികളുടെ വാർത്ത (സിമി സാബു)
18. ബെയ്ജിംങ് കാർണിവൽ (ജോയ് എസ്.കെ)
19. സ്പോർട്സ് ടൈം (ജോയ് എസ്.കെ)
20. ഉദായമൃതം (റെജി സൈൻ)
21. സരിഗമ (എം.ജി.ശ്രീകുമാർ)
22. സംഗീത സമാഗമം (സിദ്ദിഖ്)
23. പൊൻപുലരി (മുഞ്ഞിനാട് പത്മകുമാർ, ലക്ഷ്മി എം.നായർ)
24. ലോഹിത സ്പർശങ്ങൾ (മുഞ്ഞിനാട് പത്മകുമാർ)
25. പാട്ടുപെട്ടി (സുരേഷ്)
26. ഇന്ത്യ ഇൻസൈഡ് (പൂതപ്പാട്ട്) (പ്രഭാവർമ്മ)
27. പ്രവാസ ലോകം (പി.ടി.കുഞ്ഞുമുഹമ്മദ്)
28. ഇന്ത്യ ഇൻസൈഡ്- കടൽത്തീരത്ത് (പ്രഭാവർമ്മ)
29. വേറിട്ട കാഴ്ചകൾ (ആർക്കുംവേണ്ടാത്ത മനുഷ്യർക്കിടയിൽ) വി.കെ.ശ്രീരാമൻ
30. വാർത്താവിചാരം- ആണവക്കരാർ (പ്രഭാവർമ്മ)
31. ഡോ.തോമസ് ഐസക്കുമായി അഭിമുഖം ബജറ്റ് 2008 (ശരത് ചന്ദ്രൻ)
32. വേറിട്ടകാഴ്ചകൾ- കാഷായവസ്ത്രത്തിലെ ക്രിസ്തു (വി.കെ.ശ്രീരാമൻ)

**ആങ്കർ**

1. നേരെ ചൊവ്വേ
2. നേരെ ചൊവ്വേ
3. വാസ്തവം
4. മുഖാമുഖം (കറന്റ്അഫയേഴ്സ്- ഇന്റർവ്യൂ)
5. പെരുമ്പറ (കറന്റ്അഫയേഴ്സ്)
6. പൊളിട്രിക്സ് (കറന്റ്അഫയേഴ്സ്)
7. നേർക്കുനേർ (പി.ജി.സുരേഷ്കുമാർ)
8. കൗണ്ടർ പോയിന്റ് (ഷാനി പ്രഭാകരൻ)
9. കേട്ടതും കണ്ടതും- 38 (എൻ.കെ.രവീന്ദ്രൻ)
10. കേട്ടതും കണ്ടതും- 75 (എൻ.കെ.രവീന്ദ്രൻ)
11. കേട്ടതും കണ്ടതും- 67 (എൻ.കെ.രവീന്ദ്രൻ)
12. തിരക്കിൽ അല്പം നേരം (അനന്തപത്മനാഭൻ)
13. വാക്കിന്റെ വഴി- ഇളമരം കരീമുമായി അഭിമുഖം (സണ്ണിക്കുട്ടി ഏബ്രഹാം)
14. വാക്കിന്റെ വഴി: ഉത്രാടംതിരുനാൾമാർത്താണ്ഡവർമ്മ യുമായി അഭിമുഖം (സണ്ണിക്കുട്ടി ഏബ്രഹാം)
15. ഹൗസാറ്റ് (ഫിറോസ് സാലി മുഹമ്മദ്)
16. ക്രോസ്സ്ഫയർ (റേഷനിംഗ്) - ജോൺബ്രിട്ടാസ്
17. ക്രോസ്സ്ഫയർ (മുംബൈ തീവ്രവാദ് ആക്രമണം) - ജോൺബ്രിട്ടാസ്
18. അക്കിത്തം- അഭിമുഖം (പ്രഭാവർമ്മ)
19. ക്വസ്റ്റ്യൻ ടൈം- ഉമ്മൻചാണ്ടി (ജോൺബ്രിട്ടാസ്)
20. ക്വസ്റ്റ്യൻടൈം- പി.പി.മുകുന്ദൻ (ജോൺബ്രിട്ടാസ്)
21. ക്രോസ്ഫയർ- സിസ്റ്റർ അഭയ (ജോൺബ്രിട്ടാസ്)
22. ക്വസ്റ്റ്യൻ ടൈം- നന്ദിതാദാസ് (ജോൺബ്രിട്ടാസ്)
23. ഇന്ത്യ ഇൻസൈഡ് (പൂതപ്പാട്ട്) (പ്രഭാവർമ്മ)
24. ഒരു ഇന്ത്യാക്കാരന്റെ ജനാധിപത്യ സങ്കല്പം (മനോജ് വർമ്മ)
25. ക്വസ്റ്റ്യൻ ടൈം- തങ്ങൾ (പാണക്കാട്) (ജോൺ ബ്രിട്ടാസ്)
26. ക്വസ്റ്റ്യൻടൈം- കെ.മുരളീധരൻ (ജോൺ ബ്രിട്ടാസ്)
27. മൈന്റ് വാച്ച്- സ്ത്രീപീഢനം (ഡോ.കെ.ഗിരീഷ്)
28. ക്വസ്റ്റ്യൻ ടൈം- പ്രകാശ് കാരാട്ട് (ജോൺബ്രിട്ടാസ്)
29. ഇന്ത്യ ഇൻസൈഡ്- കടൽത്തീരത്ത് (പ്രഭാവർമ്മ)
30. മൈൻഡ് വാച്ച്- പാഠപുസ്തക വിവാദം (ഡോ.കെ.ഗിരീഷ്)
31. ഡോ.തോമസ് ഐസക്കുമായി അഭിമുഖം (ബജറ്റ് 2008) (ശരത് ചന്ദ്രൻ)
33. ക്രോസ്ഫയർ- തീവ്രവാദം (ജോൺബ്രിട്ടാസ്)
32. ക്വസ്റ്റ്യൻ ടൈം- നസീറുദീൻ ഷാ (ജോൺബ്രിട്ടാസ്)

**കമന്റേറ്റർ**

1. ബഷീർ- ഒരു എഴുത്തുകാരനെ നാട് ഓർമ്മിക്കുന്ന വിധം
2. ഖാദിയും ഗ്രാമസമൃദ്ധിയും (ജയജോസ് രാജ്)
3. ജലജ്വാല (ഇന്ദിര)
4. ഗുരു മാണിമാധവ ചാക്യാർ (റ്റി.കൃഷ്ണനുണ്ണി)
5. മലയാളിയുടെ ഹൃദയപക്ഷം (പ്രിയനന്ദനൻ)
6. ശബ്ദങ്ങൾ (എം.ആർ.ശശിധരൻ)
7. വരദദാസ (ഏലിയാസ് കാത്തവൻ)
8. ഓപ്പ - ഒ.വി.കുട്ടിമാളു അമ്മ (പ്രകാശ്)
9. തീർത്ഥാടനം (പ്രേമചന്ദ്രൻ)
10. സുപ്രീം സാക്രിഫൈസ് (പ്രേംസുജ .ബി)
11. പ്രദക്ഷിണം (പ്രേംസുജ .ബി)
12. അകലുന്ന കുടമണിയൊച്ചകൾ (പ്രേമചന്ദ്രൻ പി.സി)

13. തിരുമുൽ കാഴ്ച (സനോജ് എം.എസ്)
14. തോൽക്കാത്ത ഇന്ത്യ (നിഷാദ് റാവുത്തർ)
15. കുഞ്ഞുമാലാഖമാർക്ക് വിട (നിഷാദ് റാവുത്തർ)
16. സബർമതി വരെ (മോചിത സി.എം)
17 സംഗീത സമാഗമം (പത്മേന്ദ്രപ്രസാദ്)
18. ഇന്ത്യ ഇൻസൈഡ് (പൂതപ്പാട്ട്) (ഷനോജ് ആർ. ചന്ദ്രൻ)
19. ഒരു ഇന്ത്യാക്കാരന്റെ ജനാധിപത്യ സങ്കല്പം (രജനി വാര്യർ)
20. ഇന്ത്യ ഇൻസൈഡ് - കടൽത്തീരത്ത്
(എം.എസ്.ബനേഷ്, സൗമ്യ മധുസൂധനൻ, നീലിമ
21. വേറിട്ട കാഴ്ചകൾ (ആർക്കും വേണ്ടാത്ത മനുഷ്യർക്കിടയിൽ)
വി.കെ.ശ്രീരാമൻ
22. കണ്ണുചിമ്മാതെ കാർഗിൽ (രഞ്ജിത്ത്)
23. വേറിട്ടകാഴ്ചകൾ - കാഷായവസ്ത്രത്തിലെ ക്രിസ്തു
(വി.കെ.ശ്രീരാമൻ)

## പ്രോഗ്രാം ഫോർ ചിൽഡ്രൻ

1. കുറ്റിക്കാട്ടിൽ ഡോട്ട് കോം
2. ആ ആന
3. ഹോട്ട് ചെയ്സ് (ലതിക)
4. ദി എം.ടി. ഐ. ഫാക്ടർ (സൂരജ് ജി. നായർ)
5. ക്വിസ് ഒളിമ്പ്യാർഡ് (എ.എൻ.രുദ്രപ്രതാപ്)
6. കളിത്തട്ട് (സുജിത് വിഘ്നേശ്വർ)
7. കുട്ടികളുടെ വാർത്ത (സിമി ബാബു, അപർണ നമ്പൂതിരി)
8. കിങ്ങിണി (റെജി സൈൻ)
9. ചരിക്കുടുക്ക (ഹണി കെ.എ)
10. കളിക്കുടുക്ക (ഹണി കെ.എ)

## ടി.വി.ഷോ

1. ബുദ്ധൻചിരിക്കുന്നു (രാജീവ് ശങ്കരൻ)
2 നേർക്കുനേർ (പി.ജി.സുരേഷ്കുമാർ)
3 ബെസ്റ്റ് സിറ്റിസൺ ജേർണലിസ്റ്റ് (സുപ സുധാകരൻ)
4 കേട്ടതും കണ്ടതും - 82 (എൻ.കെ.രവീന്ദ്രൻ)
5. ക്രോസ്സ്ഫയർ (റേഷനിംഗ്) - (രാജീവ് .എം)
6. ക്രോസ്സ്ഫയർ (മുംബൈ തീവ്രവാദ് ആക്രമണം) - ജോൺബ്രിട്ടാസ്
7. ക്വസ്റ്റ്യൻടൈം - പി.പി.മുകുന്ദൻ (എം.രാജീവ്)
8. ക്രോസ്ഫയർ - സിസ്റ്റർ അഭയ (എം.രാജീവ്)
9. ക്വസ്റ്റ്യൻ ടൈം - നന്ദിതാദാസ് (എം.രാജീവ്)
10. ഇന്ത്യ ഇൻസൈഡ് (പൂതപ്പാട്ട്) (ഷനോജ് ആർ. ചന്ദ്രൻ)
11. ക്വസ്റ്റ്യൻ ടൈം - തങ്ങൾ (പാണക്കാട്) (ജോൺ ബ്രിട്ടാസ്)
12. പ്രവാസ ലോകം (റഫീഖ് റാവുത്തർ)
13. ക്വസ്റ്റ്യൻടൈം - കെ.മുരളീധരൻ (എം.രാജീവ്)
14. മൈന്റ് വാച്ച് - സ്ത്രീപീഢനം (എം.രാജീവ്)
15. അരങ്ങും അടുക്കളയും
16. ക്വസ്റ്റ്യൻ ടൈം - പ്രകാശ് കാരാട്ട് (എം.രാജീവ്)
17. ഇന്ത്യ ഇൻസൈഡ് - കടൽത്തീരത്ത് ഷനോജ് ആർ. ചന്ദ്രൻ
18. മൈൻഡ് വാച്ച് - പാഠപുസ്തക വിവാദം
19. വാർത്താവിചാരം - ആണവക്കരാർ
20. അരങ്ങും അടുക്കളയും

## ടെലിഫിലിം

1 അരനാഴികനേരം
2 വിശുദ്ധ അൽഫോൺസാമ്മ, ദി പാഷൻ ഫ്ളവർ
3 ദി ഓഫീസർ

## ടെലിഫിലിം (ഷോർട്ട്)

1 അവസാനത്തെ ഇല
2 അഗ്നിസാക്ഷിയായ്

## ടെലിഫിലിം (ലോംഗ്)

1 നിന്റെ കഥ എന്റേയും
2. ഒരു വസന്തകാലത്തിന്റെ ഓർമ്മയ്ക്ക്
3. ദൈവത്തിന്റെ മേൽവിലാസം
4. അതിരുകൾ തേടുന്നവർ
5. ജീവന്റെ സങ്കീർത്തനം
6. ദി മദർ
7. രാമേട്ടൻ
8. മൂന്നാമത്തെ സൂചി
9. ദി വേ
10. ആണിനേയും പെണ്ണിനേയും കുറിച്ച്
11. ശലഭം
12. മുഖാമുഖം
13. മനക്കണക്ക്
14. പീഢിതനാവുന്ന ക്രിസ്തു

## ചിൽഡ്രൻ ഷോർട്ട് ഫിലിം

1 മാങ്ങാണ്ടി
2. ദൈവത്തിന്റെ മേൽവിലാസം
3. ദൃക്സാക്ഷി
4. ഉണർവ്വിന്റെ സംഗീതം

## ടി.വി.ഷോ എന്റർടെയിൻമെന്റ്

1 ഉറവ്
2. സ്ത്രീമുദ്ര
3. ഇലപൊഴിയും കാലം - ബാക്ക് ടു ക്യാംപസ്
4. ഹലോ ദുബായ്
5. ടേയ്സ്റ്റ് ഓഫ് കേരള
6. സ്റ്റാർ സിംഗർ 2008
7. പ്രണാമം:മുഹമ്മദ് റാഫി
8. സംഗീത സമാഗമം

## ആർട്ടിക്കിൾ

1. മിനിവിഷൻ - *ജോസ്കുമാർ*
2. ടെലിവിഷൻ കാഴ്ചകളുടെ വിലാസം - *സുധീർ പരമേശ്വരൻ*
3. രുചിയുടെ ഉസ്താദ് - *രാജ്കലേഷ്, ദിവ്യ ബി.ഐ.*
4. മിനിസ്ക്രീനിന്റെ കാണാപ്പുറങ്ങൾ - *ആദം ആയൂബ്*

## ജൂറി അംഗങ്ങൾ

**കഥാവിഭാഗം**

1. ശ്രീ.രാജീവ് നാഥ് (ചെയർമാൻ)
2. ഡോ.സുജാത എസ്.
3. ശ്രീ.മധു കൈതപ്രം
4. പ്രൊഫ.റ്റി.കെ.ലോറൻസ്
5. ശ്രീമതി കെ.ആർ.മീര
6. ഡോ.കെ.എസ്.ശ്രീകുമാർ (മെമ്പർ സെക്രട്ടറി)

**കഥേതര വിഭാഗം**

1. ശ്രീ. എം.ജി.ശശി (ചെയർമാൻ)
2. ശ്രീ.സതീഷ്ബാബു പയ്യന്നൂർ
3. ശ്രീ.ജെയിൻ ജോസഫ്
4. ഡോ.ഇ.ഉണ്ണികൃഷ്ണൻ
5. ശ്രീമതി ദീദി ദാമോദരൻ .റ്റി
6. ശ്രീമതി എം.സജിത (മെമ്പർ സെക്രട്ടറി)

**രചനാ വിഭാഗം**

ഡോ.കെ.ഗോപിനാഥൻ (ചെയർമാൻ)
ശ്രീ.എം.സി.രാജനാരായണൻ
ശ്രീമതി ഒലീന എ.ജി.
ഡോ.കെ.എസ്.ശ്രീകുമാർ (മെമ്പർ സെക്രട്ടറി)

# 2008–ലെ ടെലിവിഷൻ അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ പരാമർശങ്ങളും നിർദ്ദേശങ്ങളും

## കഥാവിഭാഗം ജൂറി

**പരാമർശം**

2008-ലെ സംസ്ഥാന ടെലിവിഷൻ അവാർഡുകൾക്കായി സമർപ്പിക്കപ്പെട്ടത് മൂന്ന് പരമ്പരകളും ഇരുപത് ടെലിഫിലിമുകളും എട്ട് ടി.വി.ഷോ (എന്റർടെയ്ന്റ്മെന്റ്)കളുമാണ്. ഒരു എൻട്രി മാത്രമാണ് സമർപ്പിക്കപ്പെട്ടതെന്നതിനാൽ ടെലിഫിലിം (ഷോർട്ട്) വിഭാഗത്തിൽ അവാർഡ് ഇല്ല.

എല്ലാ മത്സരവിഭാഗങ്ങളിലും സമർപ്പിക്കപ്പെട്ട എൻട്രികളുടെ പൊതുസ്വഭാവങ്ങൾ ആവർത്തനവിരസതയും സാങ്കേതിക ന്യൂനതകളുമാണ്. എങ്കിലും ചില ടെലിഫിലിമുകളും കുട്ടികൾക്കായുള്ള ചിത്രങ്ങളും പ്രതീക്ഷയുടെ രജതരേഖകൾ സമ്മാനിക്കുന്നു. മുൻവർഷങ്ങളിൽ മികച്ച കലാസൃഷ്ടികൾ സമ്മാനിച്ചിരുന്ന ദൂരദർശന്റെ ടെലിഫിലിമുകളിലും പരമ്പരകളിലുമാണ് ഏറ്റവുമധികം നിലവാരത്തകർച്ച. മൊത്തമായി സൃഷ്ടികൾ പരിഗണിക്കുമ്പോൾ പാറപ്പുറത്തിന്റെ വിഖ്യാത നോവലായ അരനാഴികനേരത്തിന്റെ ദൃശ്യാവിഷ്ക്കാരമായ 'അരനാഴികനേരം' എന്ന പരമ്പര വേറിട്ടുനിൽക്കുന്നു. പലതരം പരിമിതികൾക്കുള്ളിലും കലാമേന്മ നിലനിർത്തുന്ന ഈ പരമ്പര ഒരു മെഗാപരമ്പരയ്ക്കു വേണമെങ്കിൽ മികവ് പുലർത്താമെന്ന് തെളിയിക്കുന്നു.

വർത്തമാനകാല പ്രസക്തിയുള്ള, ജീവിതഗന്ധിയായ ഒരു ചെറിയകഥ ഒതുക്കമുള്ള ദൃശ്യങ്ങളിലൂടെ എങ്ങനെ അതിമനോഹര കലാസൃഷ്ടിയാക്കാം എന്ന് വ്യക്തമാക്കുന്നു, 'മാങ്ങാണ്ടി' എന്ന കുട്ടികളുടെ ചിത്രം. ശക്തമായ പ്രമേയങ്ങൾ ജനങ്ങളിൽ എത്തിക്കാൻ എത്ര ഫലപ്രദമാണ് ടെലിഫിലിമുകൾ എന്ന് വ്യക്തമാക്കുന്ന ഇത്തരം ചിത്രങ്ങളുടെ സാദ്ധ്യതയെ ടെലിവിഷൻ രംഗം വേണ്ടവിധം പ്രയോജനപ്പെടുത്തേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. പ്രേക്ഷകർക്ക് യാഥാർത്ഥ്യബോധവും സാങ്കേതികമേന്മയുമില്ലാത്ത തട്ടിക്കൂട്ടൽ പരിപാടികളും പരമ്പരകളും മതിയെന്ന നിലപാട് മാറ്റി മികച്ച കലാസൃഷ്ടികൾ സമ്മാനിക്കുവാൻ ചാനലുകൾക്ക് ഉത്തരവാദിത്വവും പ്രതിബദ്ധതയും ഉണ്ടാകണം.

   ഈ രംഗത്ത് മാതൃകാപരമായ മാറ്റം സൃഷ്ടിക്കുവാൻ സാമൂഹിക പ്രതിബദ്ധതയുള്ള ദൂരദർശന് ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരുടെ രചനകൾ ആസ്പദമാക്കി ടെലിഫിലിമുകളും പരമ്പരകളും നിർമ്മിക്കാനുള്ള സർക്കാർ ധനസഹായമുണ്ട്. മികച്ച സംവിധായകരെ കണ്ടെത്തി മാതൃകാസൃഷ്ടികൾ സംഭാവനചെയ്യാൻ കെൽപും സാദ്ധ്യതയുമുള്ള ദൂരദർശൻ ഇക്കാര്യത്തിൽ സത്വരശ്രദ്ധ പതിപ്പിക്കണം.

## കഥേതരവിഭാഗം ജൂറി

**പരാമർശം**

1. ജൂറിയുടെ മുമ്പാകെ വന്ന 169 എൻട്രികളിൽ ഡോക്യുമെന്ററികളും കാലികപ്രാധാന്യമുള്ള മറ്റു പരിപാടികളും വാർത്താധിഷ്ഠിത പരിപാടികളും ടെലിവിഷൻ ഷോകളും ഉണ്ടായിരുന്നു. ഇവയിൽ പലതും ശ്രദ്ധേയമായി തോന്നിയെങ്കിലും മലയാള ടെലിവിഷൻ രംഗത്തിന്റെ വളർച്ചയുടെ സൂചകങ്ങളായി മാറിയിട്ടില്ല എന്നത് ഖേദകരമാണ്.

2. പല ഡോക്യുമെന്ററികളും വ്യക്തമായ ഗവേഷണത്തിന്റെയും മുന്നൊരുക്കത്തിന്റെയും അഭാവം പ്രകടിപ്പിക്കുന്നു.

3. ഡോക്യുമെന്ററികളുടെ കാര്യത്തിൽ ചാനലുകളുടെ നിർമ്മിതികളെക്കാൾ സൂഷ്മതയും വിഷയസ്വീകാര്യത്തിലെ കൃത്യതയും പ്രകടിപ്പിച്ചത് പുറമേ നിന്നുള്ള സ്വതന്ത്രസംവിധായകരാണ്.

4. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിൽ വിഷയത്തെ ഗൗരവത്തോടെയും ശ്രദ്ധയോടെയും സമീപിക്കുന്ന സൃഷ്ടികൾ കുറവായിരുന്നു.

5. ചാനലുകളിൽ വാർത്താ പരിപാടികൾക്കായി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ മാത്രമായി ചുരുങ്ങി പല ഡോക്യുമെന്ററികളും വ്യക്തമായ ആശയരൂപീകരണത്തോടെയും ലക്ഷ്യത്തോടെയും നിർമ്മിച്ച സൃഷ്ടികൾ വളരെ കുറവായിരുന്നു.

6. മലയാള ഭാഷയുടെ അർത്ഥരഹിതമായ പ്രയോഗങ്ങൾ പല ഡോക്യുമെന്ററികളുടെയും ഭംഗി കെടുത്തിക്കളഞ്ഞു. എങ്കിലും വിഷയസ്വീകാര്യത്തിലെ പുതുമയും ടി.വി.മാധ്യമത്തോടുള്ള ഗൗരവപൂർണ്ണമായ സമീപനവും നിലനിർത്തിയ ചില സംരംഭങ്ങളെങ്കിലും കാണാനായി എന്നത് പ്രതീക്ഷനൽകുന്നു.

**നിർദ്ദേശങ്ങൾ**

1. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിലുള്ള ഡോക്യുമെന്ററികൾ കുറേക്കൂടി കാതലായ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതാകണം. ഉപരിതലങ്ങളായ പ്രശ്നപരിസരങ്ങളിൽ നിന്ന് വൈവിദ്ധ്യങ്ങളായ വിഷയങ്ങളിലേയ്ക്ക് ഇത്തരം ഡോക്യുമെന്ററികൾ കടന്നുചെല്ലേണ്ടിയിരിക്കുന്നു. ഈ പുതിയ അവാർഡിന്റെ പ്രസക്തിയെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും കുറേക്കൂടി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

2. കാമ്പസ്സിൽനിന്നുള്ള സൃഷ്ടികൾക്കായി പ്രത്യേക പുരസ്കാരം നൽകുന്നത് പുതുതലമുറയിലെ പ്രതിഭകൾക്ക് പ്രോത്സാഹനകരമാകും.

3. ജനറൽ ഡോക്യുമെന്ററി വിഭാഗത്തിൽ രചന, ക്യാമറ, എഡിറ്റിംഗ് എന്നീ വിഭാഗങ്ങളിൽ അവാർഡുകൾ ഏർപ്പെടുന്നത് ആ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ ഗൗരവബോധം ഉണ്ടാക്കും.

## രചനാവിഭാഗം ജൂറി

**പരാമർശം**

1. മിനിവിഷൻ - ജോസ്കുമാർ
2. ടെലിവിഷൻ കാഴ്ചകളുടെ വിലാസം - സുധീർ പരമേശ്വരൻ
3. രുചിയുടെ ഉസ്താദ് - രാജ്കലേഷ്, ദിവ്യ
4. മിനിസ്ക്രീനിന്റെ കാണാപ്പുറങ്ങൾ - ആദം അയൂബ്

എന്നീ നാല് എൻട്രികളാണ് 2008-ലെ സംസ്ഥാന ടെലിവിഷൻ രചന അവാർഡ് ജൂറിയുടെ പരിഗണനയ്ക്കായി വന്നത്.

മാധ്യമം എന്ന നിലയിൽ ടെലിവിഷനേയോ അതിലവതരിപ്പിക്കപ്പെടുന്ന പരിപാടികളേയോ ഒരു സാംസ്കാരിക-രാഷ്ട്രീയത്തിന്റെ പരിപ്രേക്ഷ്യത്തിൽ നിന്ന് സൈദ്ധാന്തിക ജാഗ്രതയോടെ പരിശോധിക്കുന്നവയായിരുന്നില്ല ഇവയൊന്നുംതന്നെ. ഇതൊഴിവാക്കിയാൽത്തന്നെയും പരിചരിക്കപ്പെടുന്ന വിഷയങ്ങളെത്തന്നെ അതിനകത്തുനിന്നുകൊണ്ട് ഗൗരവത്തോടെ സമീപിച്ച് ഉൾക്കാഴ്ചയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിൽ പോലും ഈ രചനകൾ നിലവാരം പുലർത്തിയില്ല. ആയതിനാൽ ഇവയൊന്നും അവാർഡിനർഹമല്ലയെന്ന ഏകകണ്ഠമായ തീരുമാനത്തിലാണ് ജൂറി എത്തിച്ചേർന്നത്.

**നിർദ്ദേശങ്ങൾ**

1. സ്വതന്ത്രലേഖന സ്വഭാവം പുലർത്താത്ത കോളങ്ങൾ പോലെയുള്ള എൻട്രികൾ പരിഗണിക്കേണ്ടതില്ല.

2. ടെലിവിഷൻ അവാർഡ് പരിഗണിയ്ക്കുമ്പോൾ ഗ്രന്ഥകാരനൊപ്പം പബ്ലിഷറെക്കൂടി പരിഗണിയ്ക്കാവുന്നതാണ്.

3. ടെലിവിഷൻ മാധ്യമപഠനം സ്കൂൾ കലാശാലാതലത്തിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

4. നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളുടെ ചർച്ചകളിലും സെമിനാറുകളിലും സിനിമാ ചർച്ചയ്ക്കോ, പുസ്തകചർച്ചയ്ക്കോ കൊടുക്കുന്ന പ്രാധാന്യം ഒരു മാധ്യമമെന്ന നിലയിൽ ടെലിവിഷൻ പരിപാടികൾക്കും നൽകേണ്ടതുണ്ട്.

# അവാർഡുകൾ

## കഥാവിഭാഗം

| | | | |
|---|---|---|---|
| 1. | **മികച്ച ടെലിസീരിയൽ** | : | **അരനാഴികനേരം *(അമൃത ടി.വി.)*** |
| | **നിർമ്മാണം** | : | അമൃത ടി.വി.<br>*(25,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | **സംവിധായകൻ** | : | **ശിവമോഹൻ തമ്പി**<br>*(25,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | **തിരക്കഥാകൃത്ത്** | : | **കിരൺ പ്രഭാകരൻ**<br>*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |

പാറപ്പുറത്തിന്റെ പ്രസിദ്ധ നോവലിന്റെ ആവിഷ്ക്കാരം. മെഗാപരമ്പരയുടെ പരിമിതികൾക്കുള്ളിലും കാലത്തിന്റേയും ദേശത്തിന്റെയും ഭാഷയുടെയും ജീവിതരീതിയുടെയും പഴമ പുനരാവിഷ്ക്കരിച്ചിട്ടുണ്ട്. പരമ്പരകളിൽ ഒരു പുത്തൻ ആസ്വാദന സംസ്കാരം സൃഷ്ടിക്കാൻ ഈ അവാർഡ് പ്രേരകമാകട്ടെ.

---

| | | | |
|---|---|---|---|
| 2. | **രണ്ടാമത്തെ മികച്ച ടെലിസീരിയൽ** | : | **വിശുദ്ധ അൽഫോൺസാമ്മ-ദി പാഷൻ ഫ്ളവർ *(ഷാലോം ടി.വി.)*** |
| | **നിർമ്മാണം** | : | **റവ.സിസ്റ്റർ സീലിയ**<br>*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | **സംവിധായകൻ** | : | **സിബി യോഗ്യാവീടൻ**<br>*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |

ഡോക്യുഫിക്ഷന്റെ ചട്ടക്കൂടിൽനിന്ന് വിശുദ്ധ അൽഫോൺസാമ്മയുടെ ജീവിതകഥ സാമാന്യം യുക്തിഭദ്രമായും ഹൃദയസ്പർശിയായും അവതരിപ്പിച്ചു.

---

| | | | |
|---|---|---|---|
| 3. | **മികച്ച ടെലിഫിലിം** (20 മിനിട്ടിൽ കുറഞ്ഞത്) | : | ഒരു എൻട്രി മാത്രമായതിനാൽ ഈ വിഭാഗത്തിന് അവാർഡില്ല. |

---

| | | | |
|---|---|---|---|
| 4. | **മികച്ച ടെലിഫിലിം** (20 മിനിട്ടിൽ കൂടിയത്) | : | **ദി മദർ *(ഏഷ്യാനെറ്റ് ന്യൂസ്)*** |
| | **നിർമ്മാണം** | : | **ശ്രീകുമാർ എരുവട്ടി**<br>*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | **സംവിധാനം** | : | **ജിത്തു കോളയാട്**<br>*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | **തിരക്കഥാകൃത്ത്** | : | **ജിത്തു കോളയാട്**<br>*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |

സങ്കുചിത മതതാല്പര്യങ്ങൾക്കപ്പുറം മാനുഷികതയുടെയും സ്ത്രീയുടെ സ്വത്വത്തിന്റെയും ചോദ്യങ്ങൾ ഉയർത്തുന്ന ശക്തമായ പ്രമേയം. ക്രാഫ്റ്റും ദൃശ്യഭാഷയും ശ്രദ്ധേയം.

---

| | | | |
|---|---|---|---|
| 5. | **മികച്ച കഥാകൃത്ത്** | : | **വിൻസന്റ് പേരേപ്പാടൻ**<br>*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |
| | ***ടെലിഫിലിം*** | : | ***ദി മദർ (ഏഷ്യാനെറ്റ് ന്യൂസ്)*** |

വ്യത്യസ്തവും സാമൂഹിക പ്രസക്തിയുള്ളതുമായ പ്രമേയം.

---

| | | | |
|---|---|---|---|
| 6. | **മികച്ച ടി.വി.ഷോ** *(എന്റർടെയ്ന്റ്മെന്റ്)* | : | **പ്രണാമം: മുഹമ്മദ് റാഫി *(ഏഷ്യാനെറ്റ്)*** |
| | **നിർമ്മാണം** | : | **ഏഷ്യാനെറ്റ്**<br>*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)* |

ഈ വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട എൻട്രികളിൽ വിനോദവും കലാമൂല്യവും സമന്വയിപ്പിക്കുന്നവ കുറവായിരുന്നു. റാഫിയുടെ ഗാനങ്ങൾ മാത്രം പാടുന്ന അനിൽ വാജ്പേയ്യുമായുള്ള അഭിമുഖത്തിന്റെ രൂപത്തിൽ റാഫിക്കുള്ള ഉചിതമായ ശ്രദ്ധാഞ്ജലിയായി, ഈ പരിപാടി.

---

| | | | |
|---|---|---|---|
| 7. | **മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്** (മെയിൽ) | : | പരിഗണനയ്ക്കെത്തിയ സൃഷ്ടികളിൽ അവാർഡിന് അർഹരായവരെ കണ്ടെത്താൻ കഴിഞ്ഞില്ല. |

---

8. **മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്** (ഫീമെയിൽ) : **ദേവി**

*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**പ്രോഗ്രാം** : **അരനാഴികനേരം (അമൃത ടി.വി)**

ഓണാട്ടുകരയുടെ പഴയ സംസാര ഭാഷയുടെ മാധുര്യം വിവിധ വികാരങ്ങളുടെ ആവിഷ്ക്കാരത്തിനുതകും വിധം ധ്വനിപ്പിച്ചുകൊണ്ട് ദീനാമ്മ എന്ന കഥാപാത്രത്തിന് ശബ്ദം നൽകി.

---

9. **കുട്ടികളുടെ മികച്ച ഷോർട്ട് ഫിലിം** : **മാങ്ങാണ്ടി** *(ജീവൻ ടി.വി)*

**നിർമ്മാണം** : **ജോസഫ് വർഗ്ഗീസ്**

*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**സംവിധായകൻ** : **രതീഷ്**

*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**തിരക്കഥാകൃത്ത്** : **രതീഷ്**

*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

ഭൂമാഫിയയുടെ കടന്നുകയറ്റത്തിൽ പച്ചത്തുരുത്തുകൾ നഷ്ടപ്പെടുന്ന ജനവിഭാഗത്തിന്റെ അടുത്ത തലമുറയുടെ വ്യഥകൾ ഹൃദയസ്പർശിയായി ആവിഷ്ക്കരിച്ചു. ശക്തമായ പ്രമേയം രചനാഭംഗിയോടെ പകർത്തി.

---

10. **മികച്ച നടൻ** (ടെലിസീരിയൽ/ടെലി ഫിലിം) : **മുരളി**

*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിസീരിയൽ*** : **അരനാഴികനേരം *(അമൃത ടി.വി)***

അരനാഴികനേരത്തിലെ കുഞ്ഞോനാച്ചന്റെ രണ്ടുമുഖങ്ങൾ അനന്യമായ കയ്യടക്കത്തോടെ ആവിഷ്ക്കരിച്ചു.

---

11. **മികച്ച രണ്ടാമത്തെ നടൻ** : **എം.ആർ.ഗോപകുമാർ**

*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിസീരിയൽ*** : **അരനാഴികനേരം *(അമൃത ടി.വി)***

അരനാഴികനേരത്തിലെ കുറുപ്പ് എന്ന കറുപ്പുകച്ചവടക്കാരന്റെ ശരീരഭാഷയും സംഭാഷണശൈലിയും മികവോടെ അവതരിപ്പിച്ചു.

---

12. **മികച്ച നടി** *(ടെലിസീരിയൽ/ടെലിഫിലിം)* : **ലെന**

*(15000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിസീരിയൽ*** : **അരനാഴികനേരം *(അമൃത ടി.വി)***

അവഗണിക്കുന്ന ഭർത്താവിനും വട്ടമിടുന്ന വിടനുമിടയിൽ പ്രാരാബ്ധങ്ങളുമായി ഉഴലുന്ന ദീനാമ്മയെന്ന സ്ത്രീയുടെ വ്യഥകൾ ഉള്ളിൽത്തട്ടുംപടി അവതരിപ്പിച്ചു.

---

13. **മികച്ച രണ്ടാമത്തെ നടി** : **റിമിന**

*(ടെലിസീരിയൽ/ടെലിഫിലിം)* *(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിഫിലിം*** : **ദി മദർ *(ഏഷ്യാനെറ്റ് ന്യൂസ്)***

സ്വന്തം കുഞ്ഞിനെ ഉപേക്ഷിച്ച് അനാഥകുഞ്ഞുങ്ങളുടെ അമ്മയാകാൻ പുറപ്പെടുന്ന നിസ്സഹായയായ കന്യാസ്ത്രീയുടെ ദൈന്യവും ദുഃഖവും തന്മയത്വത്തോടെ അവതരിപ്പിച്ചു.

---

14. **മികച്ച ബാലതാരം** : **അഖിൽ വിശ്വനാഥ്, അരുൺ വിശ്വനാഥ്**

*(ടെലിസീരിയൽ/ടെലിഫിലിം)* *(5,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)*

***ടെലിഫിലിം*** : **മാങ്ങാണ്ടി *(ജീവൻ ടി.വി)***

മാങ്ങാണ്ടിയെന്ന മനോഹര ടെലിഫിലിമിന്റെ ജീവൻ സഹോദരന്മാരുടെ വേഷം അവതരിപ്പിച്ച ഈ പ്രതിഭകളാണ്.

---

15. **മികച്ച ക്യാമറാമാൻ** : **എസ്.അൻപുമണി**

*(ടെലിസീരിയൽ/ടെലിഫിലിം)* *(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിഫിലിം (ലോംഗ്)*** : **മുഖാമുഖം *(സൂര്യ ടി.വി)***

ഇരുട്ടിലൂടെയുള്ള രണ്ടു കുറ്റവാളികളുടെ യാത്രയും അതിന് പശ്ചാത്തലമാകുന്ന പ്രകൃതിയുടെ നിറഭേദങ്ങളും മിഴിവോടെ പകർത്തി.

---

16. **മികച്ച ചിത്രസംയോജകൻ** : **ഷിബീഷ് കെ. ചന്ദ്രൻ**

*(ടെലിസീരിയൽ/ടെലിഫിലിം)* *(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

***ടെലിഫിലിം*** : **ദി മദർ *(ഏഷ്യാനെറ്റ് ന്യൂസ്)***

പ്രമേയത്തിനും, പശ്ചാത്തലത്തിനും, ദൃശ്യങ്ങളുടെ താളത്തിനും യോജിച്ച ചിത്രസംയോജനം.

17. **മികച്ച സംഗീതസംവിധായകൻ** : **അനിൽ പാപ്പനംകോട്**
*(ടെലിസീരിയൽ/ടെലിഫിലിം)* *(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
***ടെലിസീരിയൽ*** : ***അരനാഴികനേരം (അമൃത ടി.വി)***

കഥയുടെ കാലത്തിനും താളത്തിനും യോജിച്ച സംഗിതം.

---

18. **മികച്ച ശബ്ദലേഖകൻ** : **സുരേഷ് മൈലക്കാട്**
*(ടെലിസീരിയൽ/ടെലിഫിലിം)* *(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
***ടെലിഫിലിം (ലോംഗ്)*** : ***അതിരുകൾ തേടുന്നവർ (സിറ്റിചാനൽ)***

ഒരുസംഘം വിപ്ലവകാരികളുടെ കാട്ടിലൂടെയുള്ള യാത്രയെ ശബ്ദങ്ങളിലൂടെ വിശ്വസനീയമാക്കി.

---

19. **മികച്ച കലാസംവിധായകൻ** : **സജി കിളിമാനൂർ**
*(ടെലിസീരിയൽ/ടെലിഫിലിം)* *(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
***ടെലിസീരിയൽ*** : ***അരനാഴികനേരം (അമൃത ടി.വി)***

കാലഘട്ടത്തോട് നീതിപുലർത്തുംവിധം പോയകാലത്തെ കേരളീയജീവിതം പരിമിതികൾക്കുള്ളിലും വിശ്വസനീയമായി ആവിഷ്ക്കരിച്ചു.

## പ്രത്യേക ജൂറി അവാർഡ്

1. **നടൻ** : **എസ്.ജി.സുമേഷ്**
*(പ്രശസ്തിപത്രവും, ശില്പവും)*
***ടെലിഫിലിം (ലോംഗ്)*** : ***മൂന്നാമത്തെ സൂചി (ജീവൻ ടി.വി)***

മൂന്നാമത്തെ സൂചി എന്ന ടെലിഫിലിമിൽ രോഗിയായ അമ്മയെ ശുശ്രൂഷിക്കാനും ഒപ്പം പഠനം തുടരാനും പാടുപെടുന്ന കൗമാരപ്രായക്കാരനെ ഉള്ളിൽത്തട്ടുംവിധം അവതരിപ്പിച്ചു.

---

2. **സംവിധാനം** : **അൻസാർ ഖാൻ**
*(പ്രശസ്തിപത്രവും, ശില്പവും)*
***ടെലിഫിലിം (ലോംഗ്)*** : ***മുഖാമുഖം (സൂര്യ ടി.വി)***

മുഖാമുഖമെന്ന ടെലിഫിലിം സാങ്കേതികത്തികവോടെ അവതരിപ്പിക്കാൻ പ്രശംസനീയമായി പരിശ്രമിച്ച സംവിധായകൻ.

---

3. **നടൻ** : **സാജു ആറ്റിങ്ങൽ**
*(പ്രശസ്തിപത്രവും, ശില്പവും)*
***ടെലിസീരിയൽ*** : ***ദി ഓഫീസർ (അമൃത ടി.വി)***

ദി ഓഫീസർ എന്ന പരമ്പരയിൽ വില്ലൻവേഷം കൈകാര്യം ചെയ്ത് വേറിട്ടപ്രകടനം കാഴ്ചവച്ചു.

## കഥേതര വിഭാഗം

1. **മികച്ച ഡോക്യുമെന്ററി (ജനറൽ)** : **ഹിജ്റ**
**നിർമ്മാണം** : **മില്ലെനിയം കമ്മ്യൂണിക്കേഷൻസ്** (ജീവൻ ടി.വി)
*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
**സംവിധായകൻ** : **എം.വിനീഷ്, പ്രഭീഷ് മുകുന്ദൻ**
*(7,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)*

ജീവിതാസക്തിയുടെ കാർണ്ണിവലുകളിൽ മുങ്ങുമ്പോഴും ഹിജഡകളുടെ ഉള്ളിൽ വിങ്ങുന്ന ലിംഗപ്രതിസന്ധിയെന്ന പരുക്കൻ യാഥാർത്ഥ്യത്തെ സത്യസന്ധമായി ചിത്രീകരിച്ചിരിക്കുന്നു. സമീപകാലത്തുമാത്രം പൊതു സമൂഹം ചർച്ചചെയ്യാൻ തുടങ്ങിയ ലൈംഗികന്യൂനപക്ഷങ്ങളുടെ പ്രശ്നപരിസരത്തെ സംബോധന ചെയ്യുന്ന വ്യത്യസ്തമായ ദൃശ്യാവിഷ്ക്കാരമാണ് ഹിജ്റ.

---

2. **മികച്ച ഡോക്യുമെന്ററി** : **കാനം (ലൈഫ് സ്റ്റോറി ഓഫ് എ മിഡ്ലാന്റ് ഹിൽ)**
*(സയൻസ് ആന്റ് എൻവയൺമെന്റ്)* *(സെൻസേർഡ്)*
**നിർമ്മാണം** : **സൊസൈറ്റി ഫോർ ഇക്കോളജി ആന്റ് ആർട്ട്സ്**
*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**സംവിധായകൻ** : **ബാബു കാമ്പ്രത്ത്**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

ഒരു ചെറു ആവാസവ്യവസ്ഥയിലെ സൂക്ഷ്മപ്രകൃതിയുടെ വൈവിദ്ധ്യവും വൈചിത്ര്യവും ഗവേഷണാടിത്തറയോടെ ചിത്രീകരിച്ചിരിക്കുന്നു ഇടനാടൻകുന്നിന്റെ ഈ ജീവചരിത്രത്തിൽ.

---

3. **മികച്ച ഡോക്യുമെന്ററി (ബയോഗ്രഫി)** : **ശബ്ദങ്ങൾ (റിപ്പിൾസ്)** *(വിക്ടേഴ്സ് ചാനൽ)*
**നിർമ്മാണം** : **ഐ & പി.ആർ.ഡി, സി.-ഡിറ്റ്**
*(7,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)*
**സംവിധായകൻ** : **എം.ആർ.ശശിധരൻ**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

മാധ്യമത്തിനുമേലുള്ള അസാമാന്യമായ കയ്യടക്കത്തോടെ വൈക്കം മുഹമ്മദ് ബഷീറന്റെ ജീവിതത്തേയും കഥാപാത്രങ്ങളെയും അടയാളപ്പെടുത്തുന്നു.

---

4. **മികച്ച ഡോക്യുമെന്ററി** *(വുമൺ & ചിൽഡ്രൺ)* : **കണ്ണീരിന്റെ ഗന്ധം**
**പ്രൊഡ്യൂസർ** : **ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്**
*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
**ഡയറക്ടർ** : **ഷംനാദ് പുതുശ്ശേരി**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

അവകാശത്തിനായുള്ള സ്ത്രീയുടെ ചെറുശബ്ദംപോലും പുച്ഛിക്കപ്പെടുന്ന ഈകാലത്ത് സ്ത്രീയുടെ സ്വാഭാവിക ശാരീരിക പ്രക്രിയയായ പ്രസവത്തെ എത്രമാത്രം അലംഭാവത്തോടെയാണ് ആധുനിക ചികിത്സാസമ്പ്രദായം സമീപിക്കുന്നത് എന്ന് ഈ ഡോക്യുമെന്ററി സാക്ഷ്യപ്പെടുത്തുന്നു.

---

5. **മികച്ച സംവിധായകൻ** *(ഡോക്യുമെന്ററി)* : **സുനീഷ് സുരേന്ദ്രൻ**
*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
*പ്രോഗ്രാം* : ***ഡേ ത്രീ (റോസ് ബൗൾ)***

ദയാരഹിതമായി നീട്ടിയെറിയുന്ന കമ്പിക്കുരുക്കുകളിൽ നിലവിളിച്ചൊടുങ്ങുന്ന തെരുവു പട്ടികളുടെ ദുരന്തം ദൃശ്യഭാഷയുടെ പതിവു തെറ്റിച്ചുകൊണ്ട് ചിത്രീകരിച്ചിരിക്കുന്നു. കാഴ്ചക്കാരുടെ പ്രതികരണങ്ങൾകൊണ്ടുമാത്രം തീർത്ത ശബ്ദപഥം, ആശയസ്വാംശീകരണത്തിലും നിർവ്വഹണത്തിലും പുലർത്തിയ വ്യത്യസ്തത എന്നിവ ഈ സംവിധായകനെ ശ്രദ്ധേയനാക്കുന്നു.

---

6. **മികച്ച ന്യൂസ് ക്യാമറാമാൻ** : **വി.ആർ.രാജേഷ്**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
*പ്രോഗ്രാം* : ***കൂടൽമാണിക്യക്ഷേത്രത്തിലെ ആന*** *(മനോരമ ന്യൂസ്)*

ആത്യന്തികമായി ആന വളർത്തുമൃഗമല്ലെന്ന് പ്രഖ്യാപിക്കുന്ന ഈ ക്യാമറാ ദൃശ്യം അപകടം കയ്യകലത്തിൽ നിൽക്കുമ്പോഴും ക്യാമറയുടെ ധർമ്മം നിർവ്വഹിച്ച ഒരു ന്യൂസ് ക്യാമറാമാന്റെ മനസ്സംയമനത്തിന്റെ ദൃഷ്ടാന്തമാണ്.

---

7. **മികച്ച വാർത്താവതാരകൻ** : **എം.വി.നികേഷ് കുമാർ**
*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)*
*പ്രോഗ്രാം* : ***ന്യൂസ് നൈറ്റ് (ഇന്ത്യാവിഷൻ)***

ചടുലവും ഊർജ്ജസ്വലവുമായ സമീപനത്തിലൂടെ വാർത്താവതരണത്തെ സജീവാനുഭവമാക്കി മാറ്റുന്നു.

---

8. **മികച്ച കോംപിയർ/ആങ്കർ** : **എ.സഹദേവൻ**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*
*പ്രോഗ്രാം* : ***24 ഫ്രെയിംസ് (ഇന്ത്യാവിഷൻ)***

വിശ്വോത്തര ചലച്ചിത്രങ്ങളെ മലയാളിക്കു പരിചയപ്പെടുന്നു. ശരീരഭാഷയിലും, ശബ്ദനിയന്ത്രണത്തിലും പാലിക്കുന്ന ഔചിത്യം, വിഷയജ്ഞാനത്തിന്റെ പൂർണ്ണത എന്നിവ ഈ അവതരണത്തെ ശ്രദ്ധേയമാക്കുന്നു.

---

9. **മികച്ച കമന്റേറ്റർ** *(ഔട്ട് ഓഫ് വിഷൻ)* : **നിഷാദ് റാവുത്തർ**
**പ്രോഗ്രാം** : **തോൽക്കാതെ ഇന്ത്യ (ജയ്ഹിന്ദ് ടി.വി)**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

വിഷയത്തിനൊത്ത ശബ്ദനിയന്ത്രണത്തോടെയും ഭാവത്തോടെയുമുള്ള അവതരണം.

---

10. **മികച്ച ആങ്കർ/ഇന്റർവ്യൂവർ** *(കറന്റ് അഫയേഴ്സ്)* : **ജോൺ ബ്രിട്ടാസ്**
*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**പ്രോഗ്രാമുകൾ** : **1. ക്രോസ് ഫയർ (കൈരളി ടി.വി)**

**2. ക്രിസ്റ്റ്യൻ ടൈം (പീപ്പിൾസ് ടി.വി)**

ആനുകാലിക വിഷയങ്ങളെ സമഗ്രാവസ്ഥയിൽ നോക്കിക്കണ്ട് മാധ്യമപ്രവർത്തകന്റെ കർമ്മകുശലതയോടെ അവതരിപ്പിക്കുന്നു.

---

11. **മികച്ച ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ്** : **ലെബി സജീന്ദ്രൻ**

*(10,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**പ്രോഗ്രാം** : **ബുൾസ്റ്റോറി (മനോരമ ന്യൂസ്)**

പത്രപ്രവർത്തകയുടെ അന്വേഷണത്വരയോടും ഗവേഷണബുദ്ധിയോടുംകൂടിയുള്ള സമീപനത്തിന്.

---

12. **മികച്ച ടി.വി ഷോ (കറന്റ് അഫയേഴ്സ്)** : **അമൃത ടി.വി**

*(20,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**പ്രോഗ്രാം** : **ബെസ്റ്റ് സിറ്റിസൺ ജേർണലിസ്റ്റ്**

രംഗസജ്ജീകരണത്തിലും അവതരണത്തിലും തികഞ്ഞ വ്യത്യസ്തത പുലർത്തുന്ന ഈ പരിപാടി ഉള്ളടക്കത്തിന്റെ പുതുമകൾകൊണ്ട് ശ്രദ്ധേയമാകുന്നു.

---

13. **മികച്ച കുട്ടികളുടെ പരിപാടി** : **കുട്ടികളുടെ വാർത്ത**

**നിർമ്മാണം** : **ജയ്ഹിന്ദ് ടി.വി**

*(15,000 രൂപയും, പ്രശസ്തിപത്രവും, ശില്പവും)*

**സംവിധാനം** : **സിമി സാബു, അപർണ്ണ നമ്പൂതിരി**

*(7,500 രൂപയും, പ്രശസ്തിപത്രവും, ശില്പവും വീതം)*

മുഖ്യധാരാ വാർത്താവതരണങ്ങളിൽ അവഗണിയ്ക്കപ്പെടുന്ന കുട്ടികളുടെ ലോകത്തിന് സ്വന്തമായി ഒരിടം നൽകുന്നു.

---

## പ്രത്യേക ജൂറി അവാർഡ്

1. **സംവിധാനം** : **സി.റഹീം**

*(പ്രശസ്തിപത്രവും, ശില്പവും)*

***പരിപാടി*** *(സയൻസ് ആന്റ് എൻവയൺമെന്റ്)* : ***കിളിവാതിൽ, പ്രകൃതിയുടെ ശബ്ദം (കൈരളി ടി.വി.)***

പ്രകൃതിയിലേയ്ക്ക് തുറന്നുവച്ച കണ്ണുകളോടെ വൈവിധ്യപൂർണ്ണമായ പക്ഷികളുടെയും മൃഗങ്ങളുടെയും ലോകത്തേയ്ക്ക് ഇറങ്ങിച്ചെല്ലുന്ന സംവിധാന-ഗവേഷണ മികവിനുള്ള സ്പെഷ്യൽ ജൂറി അവാർഡ്.

---

2. **സംവിധാനം** : **പി.കെ.ശ്യാംകൃഷ്ണൻ**

*(പ്രശസ്തിപത്രവും, ശില്പവും)*

***പരിപാടി*** *(ഡോക്യുമെന്ററി ജനറൽ)* : ***ഒരു സമരകാലത്തിന്റെ ഓർമ്മകൾ (ഏഷ്യാനെറ്റ് ന്യൂസ്)***

മുപ്പതുവർഷം പഴക്കമുള്ള ഒരു കർഷകസമരം ബാക്കിവെച്ച ജീവിതങ്ങളിലൂടെ ആ കാലഘട്ടത്തിന്റെ പുനർവായന നിർവ്വഹിച്ച പി.കെ.ശ്യാംകൃഷ്ണൻ സ്പെഷ്യൽ ജൂറി അവാർഡിന് അർഹനാകുന്നു.

---

## പ്രത്യേക ജൂറി പരാമർശം

1. **വാർത്താവതരണം** : **രജനി വാര്യർ *(പീപ്പിൾ ടി.വി)***

*(പ്രശസ്തിപത്രം)*

വാർത്താവതരണ രംഗത്ത് ഊർജ്ജസ്വലതയോടെയും ആത്മവിശ്വാസത്തോടെയും സ്ത്രീസാന്നിദ്ധ്യം തെളിയിക്കുന്ന രജനീവാര്യർ ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹയാകുന്നു.

---

2. **സംവിധാനം** : **പി.ആർ.ശ്രീകുമാർ**

*(പ്രശസ്തിപത്രം)*

**പരിപാടി** *(ഡോക്യുമെന്ററി (ബയോഗ്രഫി))* : **പരമേശ്വരവിജയം: ഒരു ചുട്ടിക്കഥ (വിക്ടേഴ്സ് ചാനൽ)**

ചുട്ടി കലാകാരനായ കലാനിലയം പരമേശ്വരന്റെ അവഗണിത ജീവിതം പിന്നീടൊരു വിജയഗാഥയായി മാറുന്നത് അവതരിപ്പിച്ചതിന് ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹനാകുന്നു.